ഒയ്യാരത്ത് ചന്തുമേനോൻ

# ഇന്ദുലേഖ

(മലയാളത്തിലെ ആദ്യ നോവൽ)

2014
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Indulekha**
First Malayalam Novel
by **O Chandu Menon**
First published: 1889

First EPUB/PDF version published: 2013
Second EPUB/PDF version published: 2014

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2013. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . iii

ഒയ്യാരത്ത് ചന്തുമേനോൻ . . . v

ഒന്നാം അച്ചടിപ്പിന്റെ അവതാരിക . . . ix

രണ്ടാം അച്ചടിപ്പിന്റെ അവതാരിക . . . xv

2014-ലെ പതിപ്പിന്റെ ആമുഖം . . . xix

1 പ്രാരംഭം . . . 1

2 ഇന്ദുലേഖ . . . 7

3 ഒരു കോപിഷ്ഠന്റെ ശപഥം . . . 37

4 ഒരു വിയോഗം . . . 41

5 പഞ്ചുമേനോന്റെ ക്രോധം . . . 49

6 പഞ്ചുമേനവന്റെ കുണ്ഠിതം . . . 59

7 കണ്ണഴി മൂർക്കില്ലാത്തമനയ്ക്കൽ സൂരി നമ്പൂതിരിപ്പാട് . . . 69

8 മദിരാശിയിൽ നിന്ന് ഒരു ആഗമനം . . . 85

9 നമ്പൂതിരിപ്പാട്ടിലെ ആഗമനവും മറ്റും . . . 89

10 മദിരാശിയിൽ നിന്ന് ഒരു കത്ത് . . . 99

11 നമ്പൂതിരിപ്പാട്ടിലെപ്പറ്റി ജനങ്ങൾ സംസാരിച്ചത് . . . . . 107

12 നമ്പൂതിരിപ്പാടും ഇന്ദുലേഖയുമായി ഒന്നാമത് ഉണ്ടായ സംഭാഷണം . . . . . 117

13 നമ്പൂതിരിപ്പാടും ഇന്ദുലേഖയുമായുണ്ടായ രണ്ടാമത്തെ സംഭാഷണം . . . . . 151

14 നമ്പൂതിരിപ്പാട്ടിലെ പരിണയം . . . . . 169

15 ഒരു ആപത്ത് . . . . . 179

16 മാധവന്റെ രാജ്യസഞ്ചാരം . . . . . 191

17 മാധവനെ കണ്ടെത്തിയത് . . . . . 201

18 ഒരു സംഭാഷണം . . . . . 219

19 മാധവന്റെ സഞ്ചാര കാലത്ത് വീട്ടിൽ നടന്ന വാസ്തവങ്ങൾ . . . . . 261

20 കഥയുടെ സമാപ്തി . . . . . 273

വികലമാക്കപ്പെട്ട ഇരുപതാം അദ്ധ്യായം . . . . . 277

# ഒയ്യാരത്ത് ചന്തുമേനോൻ

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്ന് വിശേഷിപ്പിക്കുന്ന ഇന്ദുലേഖയുടെ കർത്താവാണ് ഒയ്യാരത്ത് ചന്തുമേനോൻ. ഒറ്റ നോവൽ കൊണ്ടുതന്നെ മലയാളസാഹിത്യചരിത്രത്തിൽ സമുന്നതസ്ഥാനം വഹിക്കുന്ന അദ്ദേഹം. രണ്ടാമത്തെ നോവലായ ശാരദയും വായനക്കാരുടെയും നിരൂപകരുടെയും മുക്തകണ്ഠപ്രശംസയ്ക്ക് പാത്രമായി. ചന്തുമേനോന് ശാരദയുടെ ഒന്നാം ഭാഗമേ എഴുതാൻ സാധിച്ചുള്ളൂ.

## ജനനം, ബാല്യം, കൌമാരം



1847 ജനവരി 9-ന് (1022 ധനു 22 അത്തം) പ്രമാണിത്വമുള്ള കുടുംബത്തിലാണ് ചന്തുമേനോൻ ജനിച്ചത്. അച്ഛൻ ഉത്തരകേരളത്തിലെ കോട്ടയം താലൂക്കിൽ തലശ്ശേരി നഗരത്തിന് സമീപം പിണറായി അംശം കെളാലൂർ ദേശത്ത്, എടപ്പാടി ചന്തുനായർ. അദ്ദേഹം ആദ്യം പോലീസ് ആമീനും പിന്നീട് പലയിടങ്ങളിലായി തഹസിൽദാരും ആയി ജോലിനോക്കി. അമ്മ കൊടുങ്ങല്ലൂർ ചിറ്റെഴുത്ത് ഭവനത്തിലെ പാർവ്വതിയമ്മ. രണ്ടു പെണ്മക്കളും മൂന്ന് ആണ്മക്കളും ഉള്ളതിൽ ഇളയതായിരുന്നു ചന്തുമേനോൻ. ചന്തുനായർ കുറുമ്പ്രനാട് താലൂക്കിൽ നടുവണ്ണൂരിൽ താമസിച്ച് അവിടത്തെ തഹസിൽദ്ദാരായി ജോലിനോക്കുന്ന കാലത്താണ് ചന്തുമേനോൻ ജനിക്കുന്നത്. അവിടെനിന്ന് കോവിൽക്കണ്ടിയിലേക്ക് ചന്തുനായർക്ക് സ്ഥലംമാറ്റം കിട്ടി. അവിടെ കോതമംഗലം ക്ഷേത്രത്തിനടുത്തുള്ള വീട്ടിലായിരുന്നു ചന്തുമേനോന്റെ ബാല്യം. വിദ്യാരംഭം കഴിഞ്ഞ് അദ്ദേഹം കോരൻ കുരിക്കൾ എന്ന നാട്ടെഴുത്തച്ഛന്റെ കീഴിൽ പഴയ സമ്പ്രദായത്തിൽ പഠിച്ചുവരെ കോട്ടയം താലൂക്കിലേക്ക് ചന്തുനായർക്ക് മാറേണ്ടിവന്നു. അങ്ങനെ തലശ്ശേരിയിൽ തിരുവങ്ങാട്ടെ ഒയ്യാരത്ത് വീട്ടിൽ താമസമായി. ആ വഴിക്കാണ് ഒയ്യാരത്ത് ചന്തുമേനോൻ എന്ന് പേര് സിദ്ധിക്കുന്നത്. കുഞ്ഞമ്പുനമ്പ്യാർ എന്ന വിദ്വാന്റെ കീഴിൽ കാവ്യാലങ്കാദികൾ പഠിച്ച് സംസ്കൃതത്തിൽ സാമാന്യപാണ്ഡിത്യം നേടി. കവിയായിരുന്ന

നാരങ്ങോളി ചിറക്കൽ കുഞ്ഞിശങ്കരൻ നമ്പിയാരുമായി ബന്ധം അദ്ദേഹത്തെ സാഹിത്യ രസികനാക്കി. ചന്തുനായർക്ക് വീണ്ടും കോവിൽക്കണ്ടിക്ക് സ്ഥലം മാറ്റം ഉണ്ടായപ്പോൾ അവിടത്തെ ഒരു ഇംഗ്ലീഷ് സ്കൂളിൽ ചേർത്തുപഠിപ്പിച്ചു. അക്കാലത്ത് സർക്കാർ ഉദ്യോഗസ്ഥർക്ക് ഹിന്ദി ആവശ്യമായിരുന്നതിനാൽ അതു പഠിപ്പിക്കാനും ഏർപ്പാടുചെയ്തു.

1857-ൽ 57-ആം വയസ്സിൽ പ്രമേഹരോഗത്താൽ ചന്തുനായർ മരിച്ചു. മൂത്തജ്യേഷ്ഠനായ ശങ്കരമേനോനും ആ വർഷം മേടത്തിൽ തന്റെ 19-ആം വയസ്സിൽ വസൂരിബാധിച്ച് മരണമടഞ്ഞു. അദ്ദേഹം സരസകവിയും ദ്വിഭാഷാപണ്ഡിതനുമായിരുന്നു. ശങ്കരമേനോന്റെ മരണശേഷം കുടുംബം തിരികെ തലശ്ശേരിയിലേക്ക് മാറി. ബാസൽ മിഷൻ നടത്തിയിരുന്ന തലശ്ശേരി പാർസി സ്കൂളിൽ ചന്തുമേനോൻ പഠിത്തം തുടർന്നു. സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കെ സ്വന്തം നിലയിൽ പഠിച്ച് ഇംഗ്ലീഷിലും സംസ്കൃതത്തിലും പ്രാവീണ്യം നേടി. അൺകവനന്റ് സിവിൽ സർവ്വീസ് പരീക്ഷയിൽ ഇംഗ്ലീഷിൽ ഉന്നതനിലയിൽ ജയിച്ച ചന്തുമേനോൻ മെട്രിക്കുലേഷനു ചേർന്നു. തലശ്ശേരി സ്മാൾക്കാസ് കോടതിയിൽ ജഡ്ജി ജെ.ആർ. ഷാർപ്പ് ചന്തുമേനോന്റെ കഴിവറിഞ്ഞ് അവിടത്തെ ആറാം ഗുമസ്തനായി നിയോഗിച്ചു. 1864-ൽ അങ്ങനെ ആദ്യമായി അദ്ദേഹം സർക്കാരുദ്യോഗത്തിലെത്തി.

## ഔദ്യോഗികജീവിതം

സ്വന്തം യോഗ്യത കൊണ്ട് ചന്തുമേനോൻ ജോലിയിൽ ഉയർന്നു. ബുദ്ധിശക്തി, കൃത്യനിഷ്ഠ, സത്യസന്ധത ഇവ അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. തലശ്ശേരിയിൽ അന്ന് സബ്കലക്ടറായിരുന്ന മിസ്റ്റർ ലോഗൻ ഷാർപ്പിൽനിന്ന് മേനോന്റെ ഗുണഗണങ്ങൾ അറിഞ്ഞ് 1867 മാർച്ച് 3-ന് ഉക്കിടിക്കച്ചേരിയിൽ മൂന്നാം ഗുമസ്തനായി നിയോഗിച്ചു. പിന്നീട് കൊല്ലംതോറും കയറ്റമായിരുന്നു. 1869-ൽ ആക്ടിങ് ഒന്നാം ഗുമസ്തനായി. മിസ്റ്റർ ലോഗൻ മലബാർ കലക്ടരായി കോഴിക്കോട്ടേക്കു മാറിയപ്പോൾ ഹജ്ജൂർക്കച്ചേരിയിൽ പോലീസ് മുൻഷിയായി ചന്തുമേനോനെ നിയമിച്ചു. 1871-ൽ അവിടെ ഹെഡ് മുൻഷിയായി. അതിനിടയിൽ കോഴിക്കോട് ഡിസ്ട്രിക്റ്റ് ജഡ്ജിയായി നിയമിക്കപ്പെട്ട ഷാർപ്പ്, ചന്തുമേനോനെ 1872 നവംബർ 22-ന് സിവിൽ കോടതി ഹെഡ് ക്ലാർക്കായി നിയോഗിച്ചു. വൈകാതെ ഷാർപ്പ് അദ്ദേഹത്തെ പട്ടാമ്പി ആക്ടിങ് മുൻസിഫ് സ്ഥാനത്തേക്ക് മാറ്റി. പിന്നീട് കുറേക്കാലം മഞ്ചേരി, പാലക്കാട്, കോഴിക്കോട് (1882), ഒറ്റപ്പാലം (1886), പരപ്പനങ്ങാടി എന്നിവിടങ്ങളിൽ മുൻസിഫായി ജോലിനോക്കി. പരപ്പനങ്ങാടി മുൻസിഫായിരുന്ന കാലത്താണ് ഇന്ദുലേഖ (1889) എഴുതുന്നത്. 1891-ൽ വീണ്ടും കോഴിക്കോട് മുൻസിഫായി. ശാരദ എഴുതുന്നത് ആ സന്ദർഭത്തിലാണ്. ആത്മസുഹൃത്ത് ഇ.കെ. കൃഷ്ണന്റെ നിർബന്ധത്താലാണ് അതിന്റെ ഒന്നാം പതിപ്പ് ഇറങ്ങുന്നത്.

സർ. സി. ശങ്കരൻ നായർ എന്ന് അറിയപ്പെടുന്ന ശ്രീമാൻ ചേറ്റൂർ ശങ്കരൻ നായർ മലബാർ വിവാഹബിൽ മദിരാശി നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതിനെപ്പറ്റി അന്വേഷിച്ച് സാക്ഷികളെ വിസ്തരിച്ചും മറ്റും ജനങ്ങളുടെ അഭിപ്രായം അറിഞ്ഞ് റിപ്പോർട്ടുചെയ്യുവാൻ സർ ടി. മുത്തുസ്വാമി അയ്യരുടെ അധ്യക്ഷതയിൽ കമ്മറ്റി ഏർപ്പെട്ട

ത്തിയിരുന്നു. അതിലെ അംഗങ്ങളിൽ ഒരാൾ ചന്തുമേനോനായിരുന്നു. മലയാളികളിൽ മരുമക്കത്തായക്കാരായ ഹിന്ദുക്കളുടെ വിവാഹം പുതുതായി ഉണ്ടാക്കുന്ന വല്ല രാജനിയമങ്ങൾക്കും അനുസരിച്ചുനടത്തിയാലേ അതിന്നു ദൃഢതയുണ്ടാകയുള്ളൂ എന്നു വരുത്തിക്കൂട്ടുന്നത് ശരിയല്ലെന്നും സാധാരണ നടപ്പുള്ള സംബന്ധം ന്യായമായ വിവാഹമായി നിയമത്താൽ അനുവദിക്കപ്പെടുകയാണ് വേണ്ടതെന്നും വിവാഹം വേർപ്പെടുത്തുന്നതിന് കോടതികയറണം എന്നും മറ്റും വരുത്തുന്നത് അനാവശ്യമായ പ്രതിബന്ധമാണെന്നും മറ്റുമാണ് ചന്തുമേനോൻ അന്ന് അഭിപ്രായപ്പെട്ടത്. ശങ്കരൻനായരുടെ അഭിപ്രായത്തിൽനിന്ന് പലേ സംഗതിയാലും ഭിന്നമായിരുന്നു ഇത്. മുത്തുസ്വാമിക്ക് ചന്തുമേനോന്റെ അഭിപ്രായത്തോടായിരുന്നു യോജിപ്പ്.

1892-ൽ ചന്തുമേനവൻ തിരുനെൽവേലിയിൽ ആക്റ്റിങ് അഡിഷണൽ സബ് ജഡ്ജിയായി. 1893-ൽ മംഗലാപുരത്തേക്ക് മാറി. ഈ സന്ദർഭത്തിൽ അതിയോഗ്യനും പ്രാപ്തനും സത്യസന്ധനും നിഷ്പക്ഷപാതിയുമായി ഖ്യാതിനേടി അദ്ദേഹം. മലയാളത്തിലും ഇംഗ്ലീഷിലും മികച്ച ഗദ്യരചനാപാടവം സമ്പാദിച്ചിരുന്നു ചന്തുമേനോൻ. പ്രാസംഗികനെന്ന നിലയിലും അദ്ദേഹം പ്രശംസിക്കപ്പെട്ടു. കേരളവർമയുടെ മയൂരസന്ദേശം വായിച്ച് സന്തോഷിച്ച് സ്വന്തം ചെലവിൽ ബാസൽ മിഷൻ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചു. മംഗലാപുരത്തുവെച്ച് പനിബാധിച്ച് ചികിത്സയിലായി രോഗം മാറും മുൻപ് ജോലിയിൽ പ്രവേശിച്ച അദ്ദേഹത്തിന് പക്ഷവാതം പിടിപെട്ടു. വീട്ടിലേക്കു മടങ്ങി ഇംഗ്ലീഷ്, ആര്യവൈദ്യം, യുനാനി തുടങ്ങിയ വൈദ്യമുറകൾ ശീലിച്ചു. 1897-ൽ കോഴിക്കോട്ട് സബ്ജഡ്ജിയായി ജോലിയേറ്റെടുത്തു. മരണംവരെ ഈ ജോലി തുടർന്നു. 1898-ൽ ഗവണ്മെന്റ് റാവു ബഹദൂർ ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു. മദിരാശി സർവകലാശാലാ നിയമപരീക്ഷകനും കലാശാലാംഗവുമായിരുന്നിട്ടുണ്ട് ചന്തുമേനോൻ.

## കുടുംബജീവിതം

1882-ൽ ചന്തുമേനോൻ കാത്തോളിവീട്ടിൽ ലക്ഷ്മിയമ്മയെ വിവാഹംചെയ്തു. ചന്തുമേനോന് അനുരൂപയായ സഹധർമ്മിണിയായിരുന്നു അവർ. ഇന്ദുലേഖയുടെ സൃഷ്ടിക്കു പിന്നിൽ തന്റെ പത്നിയാണെന്ന് ചന്തുമേനോൻ സൂചിപ്പിക്കുന്നുണ്ട്. വലിയ കോയിത്തമ്പുരാൻ അമരുകശതകം ഭാഷാന്തരീകരിച്ചതും അവരുടെ നിർബന്ധത്താലാണ്. അഞ്ച് പുത്രന്മാരും രണ്ട് പുത്രിമാരുമാണ് ഇവർക്ക്. ഒരു പുത്രി ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി.

## സാഹിത്യസേവനം

ഇന്ദുലേഖയ്ക്കു മുൻപ് ഒരു സാഹിത്യകാരനോ മലയാളസാഹിത്യത്തോട് വിശേഷപ്രതിപത്തിയോ ഉള്ളയാളായി ചന്തുമേനോൻ അറിയപ്പെട്ടിരുന്നില്ല. ഇന്ദുലേഖയെക്കൂടാതെ അപൂർണ്ണമായ ശാരദയും വിദ്യാവിനോദിനിയിൽ വന്ന മയൂരസന്ദേശത്തിന്റെ മണ്ഡനവും ചാത്തുക്കുട്ടിമന്നാടിയാരുടെ ഉത്തരരാമചരിതത്തെക്കുറിച്ചെഴുതിയ ഒരു കത്ത് എന്ന

ദീർഘലേഖനവും നരികരിചരിതത്തിനെഴുതിയ മുഖവുരയും – ഇത്രയുമാണ് സാഹിത്യ സംബന്ധിയായ ചന്തുമേനോന്റെ ആകെ രചനകൾ.

1899 സെപ്തംബർ 7-ന് പതിവുപോലെ കേസ്സുവിചാരണകൾ കഴിഞ്ഞ് ചന്തുമേനോൻ നേരത്തേ വീട്ടിലെത്തി. ആഹ്ലാദചിത്തനായിരുന്നു. ക്ഷീണം കണ്ട് ഡോക്ടറെ വരുത്തിയെങ്കിലും മൂർച്ഛയിലായിരുന്നു. പിറ്റേന്ന് സൂര്യോദയത്തോടെ അദ്ദേഹം മരണമടഞ്ഞു.

(വിക്കിപ്പീഡിയയിൽ നിന്നും ഉദ്ധരിച്ചത്)

## 2014-ലെ പതിപ്പിന്റെ ആമുഖം

സായാഹ്ന ഫൌണ്ടേഷൻ അതിന്റെ പ്രാരംഭദശയിൽതന്നെ ഡിജിറ്റൽ രൂപത്തിലാക്കി പൊതുസഞ്ചയത്തിലേയ്ക്കു് സമർപ്പിച്ച പുസ്തകങ്ങളിലൊന്നാണ് ചന്തുമേനോൻ രചിച്ച 'ഇന്ദുലേഖ' എന്ന മലയാളത്തിന്റെ ആദ്യ നോവൽ. അന്നും ഇന്നും പ്രചാരത്തിലുള്ള സമാനങ്ങളായ നിരവധി പ്രസിദ്ധീകൃത രൂപങ്ങളിൽ ഒന്നാണ് ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് സായാഹ്നയും അവലംബമാക്കിയത്. എന്നാൽ കാലാകാലങ്ങളായി മലയാളികൾ വായിച്ചു വന്ന 'ഇന്ദുലേഖ' വികലമാക്കപ്പെട്ട ഒന്നാണെന്ന ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായാണ് 'മാതൃഭൂമി' ആഴ്ചപ്പതിപ്പിന്റെ 2014 ഏപ്രിൽ 13–19 ലക്കം പുറത്തിറങ്ങിയത്. മലയാളത്തിലെ മികച്ച നിരൂപകരും ഭാഷാ പണ്ഡിതരുമായ ഡോ. പി.കെ. രാജശേഖരനും ഡോ. പി. വേണുഗോപാലനും ചേർന്ന നടത്തിയ വർഷങ്ങൾ നീണ്ട അന്വേഷണത്തിന്റെ ഫലമായാണ് ലണ്ടനിലെ ബ്രിട്ടീഷ് ലൈബ്രറിയിൽനിന്ന് 'യഥാർത്ഥ' ഇന്ദുലേഖ മലയാളത്തിന് ലഭിക്കുന്നത്. പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന പീഠികകളെക്കുറിച്ചുള്ള അന്വേഷണം ഇത്തരം ഒരു കണ്ടെത്തലിലേയ്ക്കു് നയിക്കുമെന്ന് ആരു കണ്ടു. നോവലിലുടനീളം ഭാഷാപരമായ കൈകടത്തലുകൾ കൂടാതെ അവസാന അദ്ധ്യായം ഗുരുതരമായ ഒഴിവാക്കലുകൾക്കും വെട്ടിമാറ്റലുകൾക്കും വിധേയമാക്കപ്പെട്ടുവെന്നാണ് ഇപ്പോൾ അറിയുന്നത്. ഈ വികലമാക്കലിനു പിന്നിൽ പുരുഷാധിപത്യപരമായ മനസ്സ് ഉണർന്ന് പ്രവർത്തിച്ചിരുന്നു എന്നത് വ്യക്തവും അമ്പരപ്പിക്കുന്നതുമാണ്. 'മലയാളത്തിലെ ആദ്യ സ്ത്രീവിമോചക പ്രസ്താവമെന്ന് വിശേഷിപ്പിക്കാവുന്ന ഇന്ദുലേഖയിലെ ഒഴിവാക്കലുകൾ, ഭാഷാപരവും സാഹിത്യപരവും സാമൂഹികവുമായ എന്നത്തേയും പൊതുബോധത്തിന്റെ പ്രതിഫലനമാണ്,' എന്ന് വളരെ കൃത്യമായി മാതൃഭൂമി നിരീക്ഷിക്കുന്നു.

മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കപ്പെട്ട ആ ഇരുപതാം അദ്ധ്യായം സായാഹ്ന പുനഃപ്രസിദ്ധീകരിക്കുന്നു. അവസാന അദ്ധ്യായമായി പ്രചരിച്ചിരുന്നത് അനുബന്ധമായി നിലനിർത്തിക്കൊണ്ടാണ് യഥാർത്ഥ ഇരുപതാം അദ്ധ്യായം ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. എത്ര നിർണായകമായ മാറ്റങ്ങളാണ് വരുത്തിയിരുന്നത് എന്ന് വായനക്കാർക്ക് വ്യക്തമാകുമല്ലോ. വളരെ മൗലികമായ ഒരു രചനയിൽ മറ്റുള്ളവർ കൈകടത്തുമെന്ന് നമുക്ക്

സങ്കല്പിക്കാൻ പോലും കഴിയില്ല. ഈ സാമാന്യബോധം മൂലമാണ് വികലമായ ഒരു രൂപം സായാഹ്നയും പ്രസിദ്ധീകരിച്ചത്. അതിൽ ഞങ്ങൾ ഖേദിക്കുന്നു. ബാക്കി 19 അദ്ധ്യായങ്ങളിലുമുള്ള ഭാഷാപരമായ മാറ്റങ്ങൾ മൂലരൂപം ലഭ്യമാകുന്ന മുറയ്ക്ക് തിരുത്തുന്നതാണ്.

തിരുവനന്തപുരം
ഏപ്രിൽ 14, 2014

സായാഹ്ന ഫൌണ്ടേഷൻ

# 20

## കഥയുടെ സമാപ്തി[1]

ഗോവിന്ദപ്പണിക്കരും മാധവനും ഗോവിന്ദൻ കുട്ടിമേനവനും കൂടി ബൊമ്പായിൽനിന്നു പുറപ്പെട്ടു മദിരാശിയിൽ വന്നു. മാധവൻ ഗിൽഹാം സായ്‌വിനെ പോയി കണ്ടു വിവരങ്ങൾ എല്ലാം ഗ്രഹിപ്പിച്ചു. അദ്ദേഹം വളരെ ചിരിച്ചു. ഉടനെ മാധവനെ സിവിൽ സർവീസിൽ എടുത്തതായി ഗസറ്റിൽ കാണുമെന്നു സായ്‌വ് അവർകൾ വാത്സല്യപൂർവ്വം പറഞ്ഞതിനെ കേട്ടു സന്തോഷിച്ച് അവിടെനിന്ന് പോന്നു. അച്ഛനോടും ഗോവിന്ദൻകുട്ടിയോടും കൂടെ മലബാറിലേക്കു പുറപ്പെട്ടു, പിറ്റേ ദിവസം വീട്ടിൽ എത്തിച്ചേർന്നു. മാധവൻ എത്തി എന്നു കേട്ടപ്പോൾ ഇന്ദുലേഖയ്ക്കുണ്ടായ സന്തോഷത്തെക്കുറിച്ചു പറയേണ്ടതില്ലല്ലോ.

മാധവൻ, വന്ന ഉടനെ തന്റെ അമ്മയെ പോയി കണ്ടു. വർത്തമാനങ്ങൾ എല്ലാം അറിഞ്ഞു. ശപഥപ്രായശ്ചിത്തത്തിന്റെ വർത്തമാനവും കൂടി കേട്ടു. ഉടനെ അമ്മാമനേയും പോയി കണ്ടതിന്റെ ശേഷം മാധവൻ ഇന്ദുലേഖയുടെ മാളികയുടെ ചുവട്ടിൽ വന്നു നിന്നു. അപ്പോൾ ലക്ഷ്മിക്കുട്ടി അമ്മ മുകളിൽ നിന്നു കോണി എറങ്ങുന്നു. മാധവനെ കണ്ട് ഒരു മന്ദഹാസം ചെയ്തു വീണ്ടും മാളികമേലേക്കു തന്നെ തിരിയെ പോയി. മാധവൻ വരുന്നു എന്ന് ഇന്ദുലേഖയെ അറിയിച്ചു. മടങ്ങി വന്നു മാധവനെ വിളിച്ചു. മാധവൻ കോണി കയറി പൊറത്തളത്തിൽ നിന്നു. ലക്ഷ്മിക്കുട്ടി അമ്മ ചിറിച്ചും കൊണ്ടു താഴത്തേക്കും പോന്നു.

ഇന്ദുലേഖ: (അകത്തുനിന്ന്) ഇങ്ങട്ടു കടന്നുവരാം—എനിക്ക് എണീട്ട് അങ്ങോട്ടു വരാൻ വയ്യ.

മാധവൻ പതുക്കെ അകത്തു കടന്നു. ഇന്ദുലേഖയെ നോക്കിയപ്പോൾ അതിപരവശയായി കണ്ടു. കണ്ണിൽ നിന്നു വെള്ളം താനെ ഒഴുകി. ഇന്ദുലേഖയുടെ കട്ടിലിന്മേൽ ചെന്ന് ഇരു

[1] ഇതുവരെ പ്രചാരത്തിലുള്ളതിൽ നിന്ന് വ്യത്യസ്തമായ, മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഇരുപതാം അദ്ധ്യായം ആണിത്. വെട്ടിമാറ്റപ്പെട്ട ഭാഗങ്ങൾ തിരിച്ചറിയുവാൻ സൗകര്യത്തിനായി ചെറിയ നിറം മാറ്റം നടത്തിയിട്ടുണ്ട്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഇരുപതാം അദ്ധ്യായം അനുബന്ധമായി അന്യത്ര ചേർത്തിട്ടുണ്ട്.

ന്നു. രണ്ടുപേരും അന്യോന്യം കണ്ണുനീർ കൊണ്ടു തന്നെ കുശലപ്രശ്നം കഴിച്ചു. ഒടുവിൽ—

മാധവൻ: കഷ്ടം! ദേഹം ഇത്ര പരവശമായി പോയല്ലോ. വിവരങ്ങൾ എല്ലാം ഞാൻ അറിഞ്ഞു. നമ്മളുടെ ദുഷ്കാലം കഴിഞ്ഞു എന്ന് വിശ്വസിക്കുന്നു.

ഇന്ദുലേഖ: കഴിഞ്ഞു എന്ന് തന്നെ ഞാൻ വിചാരിക്കുന്നു. വലിയച്ഛനെ കണ്ടുവോ?

മാധവൻ: കണ്ടു. സന്തോഷമായിട്ട് എല്ലാം സംസാരിച്ചു. അദ്ദേഹം ഇയ്യിടെ നമുക്കു വേണ്ടി ചെയ്തത് എല്ലാം ഞാൻ അറിഞ്ഞതുകൊണ്ടും എന്റെ അച്ഛൻ ആവശ്യപ്പെട്ട പ്രകാരവും ഞാൻ അദ്ദേഹത്തിന്റെ കാലിൽ സാഷ്ടാംഗമായി നമസ്കരിച്ചു. അദ്ദേഹത്തിന് വളരെ സന്തോഷമായി.

ഇന്ദുലേഖ: മാധവൻ ചെയ്ത കാര്യങ്ങളിൽ എനിക്ക് വളരെ ബോദ്ധ്യമായത് ഇപ്പോൾ ചെയ്തു എന്ന് പറഞ്ഞ കാര്യമാണ്. വലിയച്ഛൻ പരമ ശുദ്ധാത്മാവാണ്. അദ്ദേഹത്തിന്റെ കാലിൽ നമസ്കരിച്ചത് വളരെ നന്നായി. നമ്മൾ രണ്ടുപേർക്കും നിഷ്കന്മഷഹൃദയമാകയാൽ നല്ലതു തന്നേ ഒടുവിൽ വന്ന് കൂടുകയുള്ളൂ.

ഇങ്ങിനെ രണ്ടുപേരും കൂടി ഓരോ സല്ലാപങ്ങളെക്കൊണ്ട് അന്നു പകൽ മുഴുവനും കഴിച്ചു. വൈകുന്നേരം പഞ്ചുമേനോൻ മുകളിൽ വന്ന് ഇന്ദുലേഖയുടെ ശരീരസുഖ വർത്തമാനങ്ങളെല്ലാം ചോദിച്ചതിൽ വളരെ സുഖമുണ്ടെന്നറിഞ്ഞു സന്തോഷിച്ചു. മാധവൻ വീട്ടിൽ എത്തിയതിന്റെ ഏഴാം ദിവസം ഇന്ദുലേഖ മാധവനെ സ്വയംവരം ചെയ്തു.[2] യഥാർത്ഥത്തിൽ സ്വയംവരമാകയാൽ ആ വാക്കു തന്നെ ഇവിടെ ഉപയോഗിക്കുന്നതിൽ ഞാൻ ശങ്കിക്കുന്നില്ല. സ്വയംവരദിവസം പഞ്ചുമേനോൻ അതിഘോഷമായി ബ്രാഹ്മണസദ്യയും മറ്റും കഴിച്ചു. ആ ദിവസം തന്നെ ഗോവിന്ദസെൻ ബങ്കാളത്തു നിന്ന് അയച്ച ഒരു ബങ്കി കിട്ടി. മുമ്പ് സമ്മാനം കൊടുത്ത സാധനങ്ങളേക്കാൾ അധികം കൌതുകമുള്ളതും വില ഏറിയതും ആയ പലേ സാമാനങ്ങളും അതിൽ ഉണ്ടായിരുന്നു. അതുകളെ എല്ലാം കണ്ടു ഇന്ദുലേഖയ്ക്കും മറ്റും വളരെ സന്തോഷമായി. ഇന്ദുലേഖയുടെ പാണിഗ്രഹണം കഴിഞ്ഞു കഷ്ടിച്ച് ഒരു മാസം ആവുമ്പോഴെയ്ക്കു മാധവനെ സിവിൽ സർവീസിൽ എടുത്തതായി കൽപന കിട്ടി. ഇന്ദുലേഖയും മാധവനും മാധവന്റെ അച്ഛനമ്മമാരോടുംകൂടി മദിരാശിക്കു പോയി സുഖമായി ഇരുന്നു. ഈ കഥ ഇവിടെ അവസാനിക്കുന്നു.

നമ്മുടെ ഈ കഥയിൽ പറയപ്പെട്ട എല്ലാവരും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ട്. മാധവൻ ഇപ്പോൾ സിവിൽ സർവീസിൽ ഒരു വലിയ ഉദ്യോഗത്തിൽ ഇരിക്കുന്നു. മാധവനും ഇന്ദുലേഖയ്ക്കും ചന്ദ്രസൂര്യന്മാരെപ്പോലെ രണ്ടു കിടാങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയും ആണ് ഉണ്ടായിട്ടുള്ളത്. തന്റെ ഉദ്യോഗമൂലമായുള്ള പ്രവർത്തികളെ വിശേഷിച്ച് പ്രാപ്തിയോടും സത്യത്തോടുംകൂടി നടത്തി വളരെ കീർത്തിയോടുകൂടി മാധവനും, തന്റെ കിടാങ്ങളെ ലാളിച്ചും രക്ഷിച്ചും തന്റെ ഭർത്താവിന് വേണ്ടുന്ന സർവ സുഖങ്ങളെയും കൊടുത്തുംകൊണ്ട് അതി മനോഹരിയായിരിക്കുന്ന ഇന്ദുലേഖയും സുഖമായി അത്യൌന്ന

[2] "ഇന്ദുലേഖയെ മാധവൻ സ്വയംവരം ചെയ്തു" എന്ന് ഇപ്പോൾ പ്രചാരത്തിൽ.

ത്യ പദവിയിൽ ഇരിക്കുന്നു. ഈ ദമ്പതിമാരുടെ കഥ വായിക്കുന്ന വായനക്കാർക്കും നമുക്കും ജഗദീശ്വരൻ സർവമംഗളത്തെ ചെയ്യട്ടെ.

ഞാൻ ഈ കഥ എഴുതുവാനുള്ള കാരണം ഈ പുസ്തകത്തിന്റെ പീഠികയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ കഥയിൽ നിന്ന് എന്റെ നാട്ടുകാർ മുഖ്യമായി മനസ്സിലാക്കേണ്ടത് പുരുഷന്മാരെ വിദ്യ അഭ്യസിപ്പിക്കുന്നതു പോലെ സ്ത്രീകളെയും വിദ്യ അഭ്യസിപ്പിച്ചാൽ ഉണ്ടാവുന്ന ഗുണത്തെപ്പറ്റി മാത്രമാണ്. ഇന്ദുലേഖ ഒരു ചെറിയ പെൺകിടാവായിരുന്നുവെങ്കിലും തന്റെ അച്ഛൻ, തന്നെ പ്രിയപ്പെട്ടു വളർത്തിയ ശക്തനായ തന്റെ അമ്മാമൻ, ഇവർ അകാലത്തിങ്കൽ മരിച്ചതിനാൽ കേവലം നിസ്സഹായ സ്ഥിതിയിലായിരുന്നു എങ്കിലും, തന്റെ രക്ഷിതാവായ വലിയച്ഛൻ വലിയ കോപിയും താൻ ഉദ്ദേശിച്ച സ്വയംവര കാര്യത്തിന്ന് പ്രതികൂലിയും ആയിരുന്നുവെങ്കിലും, ഇന്ദുലേഖയുടെ പഠിപ്പും അറിവും നിമിത്തം അവൾക്കുണ്ടായ ധൈര്യത്തിനാലും സ്ഥിരതയാലും താൻ വിചാരിച്ച കാര്യം നിഷ്പ്രയാസേന അവൾക്കു സാധിച്ചു. പഞ്ചുമേനവൻ സ്നേഹം നിമിത്തം തന്നെയാണ് ഒടുവിൽ എല്ലാം ഇന്ദുലേഖയുടെ ഹിതം പോലെ അനുസരിച്ചത് എന്നു തന്നെ വിചാരിക്കുന്നതായാലും അദ്ദേഹം ഒരു ക്രൂരബുദ്ധിയും പിടിത്തക്കാരനുമായിരുന്നുവെങ്കിൽ തന്നെ ഇന്ദുലേഖ താൻ ആഗ്രഹിച്ചതും നിശ്ചയിച്ചതും ആയ പുരുഷനെ അല്ലാതെ പഞ്ചുമേനവന്റെ ഇഷ്ടപ്രകാരം അദ്ദേഹം പറയുന്നാളുടെ ഭാര്യയായി ഇരിക്കയില്ലയിരുന്നു എന്ന് എന്റെ വായനക്കാർ നിശ്ചയമായി അഭിപ്രായപ്പെടുമെന്നുള്ളതിന് എനിക്കു സംശയമില്ലാ.

പിന്നെ സ്ത്രീകൾ ഒന്ന് ആലോചിക്കേണ്ടത് തങ്ങൾ പഠിപ്പും അറിവും ഇല്ലാത്തവരായാൽ അവരെ കുറിച്ച് പുരുഷന്മാർ എത്ര നിസ്സാരമായി വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്നാണ്. കല്ല്യാണിക്കുട്ടിയെ നമ്പൂരിപ്പാട്ടിലേയ്ക്ക് പഞ്ചുമേനവൻ കൊടുത്തത് വീട്ടിൽ ഉള്ള ഒരു പൂച്ചക്കുട്ടിയെയോ മറ്റോ പിടിച്ചു കൊടുത്തതു പോലെയാണ്. എന്റെ പ്രിയപ്പെട്ട നാട്ടുകാരായ സ്ത്രീകളേ! നിങ്ങൾക്ക് ഇതിൽ ലജ്ജ തോന്നുന്നില്ലേ. നിങ്ങളിൽ ചിലർ സംസ്കൃതം പഠിച്ചവരും ചിലർ സംഗീതാഭ്യാസം ചെയ്തവരും ചിലർ സംഗീത സാഹിത്യങ്ങൾ രണ്ടും പഠിച്ചവരും ഉണ്ടായിരിക്കാം. ഈ പഠിപ്പുകൾ ഉണ്ടായാൽ പോരാ — സംസ്കൃതത്തിൽ നാടകാലങ്കാരവില്പത്തിയോളം എത്തിയവർക്ക് ശൃംഗാരരസം ഒന്നുമാത്രം അറിവാൻ കഴിയും — അതു മുഖ്യമായി വേണ്ടതു തന്നെ. എന്നാൽ അതുകൊണ്ടു പോരാ. നിങ്ങളുടെ മനസ്സിന് നല്ല വെളിച്ചം വരണമെങ്കിൽ നിങ്ങൾ ഇംക്ളീഷ് തന്നെ പഠിക്കണം. ആ ഭാഷ പഠിച്ചാലെ ഇപ്പോൾ അറിയേണ്ടതായ പലേ കാര്യങ്ങളും അറിവാൻ സംഗതി വരികയുള്ളൂ. അങ്ങിനെയുള്ള അറിവുണ്ടായാലെ നിങ്ങൾ പുരുഷന്മാർക്കു സമസൃഷ്ടികളാണെന്നും പുരുഷന്മാരെപ്പോലെ നിങ്ങൾക്കും സ്വതന്ത്രത ഉണ്ടെന്നും സ്ത്രീജന്മം ആയതു കൊണ്ട് കേവലം പുരുഷന്റെ അടിമയായി നിങ്ങൾ ഇരിപ്പാൻ ആവശ്യമില്ലെന്നും അറിവാൻ കഴികയുള്ളൂ.

ഇംക്ളീഷ് പഠിപ്പാൻ എടവരാത്തവർക്ക് ഇംക്ളീഷ് പഠിച്ച പുരുഷന്മാർ കഴിയുന്നിടത്തോളം അറിവ് ഉണ്ടാക്കി കൊടുക്കേണ്ടതാണ്. മലയാള ഭാഷയിൽ പലവിധമായ പുസ്തകങ്ങൾ ഇംക്ളീഷ് പഠിപ്പിൽനിന്ന് കിട്ടുന്ന തത്വങ്ങളെ വെളിപ്പെടുത്തി എഴുതുവാൻ

യോഗ്യന്മാരായ പലേ മലയാളികളും ഉണ്ട്. അവർ ഇതു ചെയ്യാത്തതിനെക്കുറിച്ച് ഞാൻ വ്യസനിക്കുന്നു.

ഇംക്ളീഷ് പഠിച്ചാലേ അറിവുണ്ടാവുകയുള്ളൂ – ഇല്ലെങ്കിൽ അറിവുണ്ടാവുകയില്ലെന്ന് ഞാൻ പറയുന്നില്ല. എന്നാൽ എന്റെ അഭിപ്രായത്തിൽ ഈ കാലത്ത് ഇംക്ളീഷ് വിദ്യ പഠിക്കുന്നതിനാൽ ഉണ്ടാവുന്ന യോഗ്യത വേറെ യാതൊന്നു പഠിച്ചാലും ഉണ്ടാവുന്നതല്ലെന്ന് തന്നെയാണ്.

ഇംക്ളീഷ് പഠിച്ച് ഇംക്ളീഷ് സമ്പ്രദായമാവുന്നതു കൊണ്ട് നമ്മുടെ നാട്ടുകാരായ സ്ത്രീകൾക്ക് അത്യാപത്ത് വരുന്നു എന്ന് കാണിപ്പാൻ ഇയ്യിടെ വടക്കേ ഇൻഡ്യയിൽ ഒരാൾ ഒരു പുസ്തകം എഴുതീട്ടുണ്ട്. ഇംക്ളീഷ് സ്ത്രീകളെപ്പോലെ നമ്മുടെ സ്ത്രീകൾക്ക് അറിവും മിടുക്കും സാമർത്ഥ്യവും ഉണ്ടായാൽ അതുകൊണ്ട് വരുന്ന ആപത്തുകളെ എല്ലാം ബഹു സന്തോഷത്തോടു കൂടി സഹിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. ആര് എന്തുതന്നെ പറയട്ടെ, ഇംക്ളീഷ് പഠിക്കുന്നതുകൊണ്ട് എല്ലാ സ്ത്രീകളും പരിശുദ്ധമാരായി വ്യഭിചാരം മുതലായ യാതൊരു ദുഷ്പ്രവർത്തിക്കും മനസ്സു വരാതെ അരുന്ധതികളായി വരുമെന്ന് ഞാൻ പറയുന്നില്ല. വ്യഭിചാരം മുതലായ ദുഷ്പ്രവർത്തികൾ ലോകത്തിൽ എവിടെയാണ് ഇല്ലാത്തത്. പുരുഷന്മാർ ഇംക്ളീഷ് പഠിച്ചവർ എത്ര വികൃതികളായി കാണുന്നുണ്ട്. അതുപോലെ സ്ത്രീകളിലും വികൃതികൾ ഉണ്ടായിരിക്കും. പുരുഷന്മാർ ഇംക്ളീഷ് പഠിപ്പുള്ളവർ ചിലർ വികൃതികളായി തീരുന്നതിനാൽ പുരുഷന്മാരെ ഇംക്ളീഷ് പഠിപ്പിക്കുന്നത് അബദ്ധമാണെന്ന് പറയുന്നുണ്ടോ.

അതുകൊണ്ട് എന്റെ ഒരു മുഖ്യമായ അപേക്ഷ എന്റെ നാട്ടുകാരോട് ഉള്ളത് കഴിയുന്നപക്ഷം പെൺകുട്ടികളെ ആൺകുട്ടികളെ പോലെ തന്നെ എല്ലായ്പ്പോഴും ഇംക്ളീഷ് പഠിപ്പിക്കേണ്ടതാണെന്നാകുന്നു.

## അനുബന്ധം

# കഥയുടെ സമാപ്തി[1]

ഗോവിന്ദപ്പണിക്കരും മാധവനും ഗോവിന്ദൻകുട്ടി മേനവനും കൂടി ബൊമ്പായിൽ നിന്ന് പുറപ്പെട്ടു മദിരാശിയില് വന്നു. മാധവൻ ഗിൽഹാംസായ്‌വിനെ പോയി കണ്ടു വിവരങ്ങൾ എല്ലാം ഗ്രഹിപ്പിച്ചു. അദ്ദേഹം വളരെ ചിറിച്ചു. ഉടനെ മാധവനെ സിവിൽസർവ്വീസിൽ എടുത്തതായി ഗസറ്റിൽ കാണുമെന്നു സായ്‌വ് അവർകൾ വാത്സല്യപൂർവ്വം പറഞ്ഞതിനെക്കേട്ടു സന്തോഷിച്ച് അവിടെ നിന്നും പോന്നു. അച്ഛനോടും ഗോവിന്ദൻ കുട്ടിയോടും കൂടെ മലബാറിലേക്കു പുറപ്പെട്ടു. പിറ്റേദിവസം വീട്ടിൽ എത്തിച്ചേർന്നു. മാധവൻ എത്തി എന്നു കേട്ടപ്പോൾ ഇന്ദുലേഖയ്ക്കുണ്ടായ സന്തോഷത്തെക്കുറിച്ചു പറയേണ്ടതില്ലല്ലൊ.

മാധവൻ വന്ന ഉടനെ തന്നെ തന്റെ അമ്മ പോയി കണ്ടു. വർത്തമാനങ്ങൾ എല്ലാം അറിഞ്ഞു. ശപഥപ്രായശ്ചിത്തത്തിന്റെ വർത്തമാനവും കൂടി കേട്ടു. ഉടനെ അമ്മാമനേയും പോയി കണ്ടതിന്റെ ശേഷം മാധവൻ ഇന്ദുലേഖയുടെ മാളികയുടെ ചുവട്ടിൽ വന്നു നിന്നു. അപ്പോൾ ലക്ഷ്മിക്കുട്ടി അമ്മ മുകളിൽ നിന്നു കോണി എറങ്ങുന്നു. മാധവനെ കണ്ട് ഒരു മന്ദഹാസം ചെയ്തു. വീണ്ടും മാളികമേലേക്കുതന്നെ തിരിയെപോയി. മാധവൻ വരുന്നു എന്ന് ഇന്ദുലേഖയെ അറിയിച്ചു മടങ്ങിവന്നു മാധവനെ വിളിച്ചു. മാധവൻ കോണി കയറി പൊറന്തളത്തിൽ നിന്നു. ലക്ഷ്മിക്കുട്ടി അമ്മ ചിറിച്ചും കൊണ്ടു താഴത്തേക്കും പോന്നു.

ഇന്ദുലേഖ: (അകത്തു നിന്ന്) ഇങ്ങട്ടു കടന്നു വരാം. എനിക്ക് എണീട്ട് അങ്ങട്ടു വരാൻ വയ്യ.

മാധവൻ പതുക്കെ അകത്തു കടന്നു. ഇന്ദുലേഖയെ നോക്കിയപ്പോൾ അതിപരവശയായി കണ്ടു. കണ്ണിൽ നിന്നു വെള്ളം താനേ ഒഴുകി. ഇന്ദുലേഖയുടെ കട്ടിലിന്മേൽ ചെന്ന് ഇരുന്നു. രണ്ടുപേരും അന്യോന്യം കണ്ണുനീർ കൊണ്ടു തന്നെ കുശലപ്രശ്നം കഴിച്ചു.

ഇങ്ങിനെ രണ്ടുപേരും ഓരോ സല്ലാപങ്ങളെക്കൊണ്ട് അന്നു പകൽ മുഴുവനും കഴിച്ചു. വൈ

[1] ഇപ്പോൾ പ്രചാരത്തിലുള്ള വികലമാക്കപ്പെട്ട ഇരുപതാം അദ്ധ്യായം.

കുന്നേരം പഞ്ചുമേനവൻ മുകളിൽ വന്ന് ഇന്ദുലേഖയുടെ ശരീര സുഖ വർത്തമാനങ്ങളെല്ലാം ചോദിച്ചതിൽ വളരെ സുഖമുണ്ടെന്നറിഞ്ഞു സന്തോഷിച്ചു. മാധവൻ വീട്ടിൽ എത്തിയതിന്റെ ഏഴാം ദിവസം ഇന്ദുലേഖയെ മാധവൻ സ്വയംവരം ചെയ്തു. യാഥാർത്ഥത്തിൽ സ്വയംവരമാകയാൽ ആ വാക്കു തന്നെ ഇവിടെ ഉപയോഗിക്കുന്നതിൽ ഞാൻ ശങ്കിക്കുന്നില്ല. സ്വയംവര ദിവസം പഞ്ചുമേനോൻ അതിഘോഷമായി ബ്രാഹ്മണ സദ്യയും മറ്റും കഴിച്ചു. ആ ദിവസം തന്നെ ഗോവിന്ദസേൻ ബങ്കാളത്തുന്ന് അയച്ച ഒരു ബങ്കി കിട്ടി. മുമ്പ് സമ്മാനം കൊടുത്ത സാധനങ്ങളേക്കാൾ അധികം കൌതുകമുള്ളതും വില ഏറിയതും ആയ പലേ സാമാനങ്ങളും അതിൽ ഉണ്ടായിരുന്നു. അതുകളെ എല്ലാം കണ്ട് ഇന്ദുലേഖയ്ക്കും മറ്റും വളരെ സന്തോഷമായി. ഇന്ദുലേഖയുടെ പാണിഗ്രഹണം കഴിഞ്ഞു കഷ്ടിച്ച് ഒരു മാസം ആവുമ്പോഴേയ്ക്ക് മാധവനെ സിവിൽ സർവ്വീസിൽ എടുത്തതായി കല്പന കിട്ടി. ഇന്ദുലേഖയും മാധവനും മാധവന്റെ അച്ഛനമ്മമാരോടുകൂടി മദിരാശിക്കുപോയി സുഖമായി ഇരുന്നു. ഈ കഥ ഇവിടെ അവസാനിക്കുന്നു.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA